**Kerala Catholic Bishops' Council (KCBC)**

Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

25.10.2016

All Kerala Press Release
*Ref: 556/KCBC/K-6/KPR/DS*

# ദർശനങ്ങളും ജീവിത സാക്ഷ്യങ്ങളുമുള്ള യുവജനങ്ങൾ കാലഘട്ടത്തിന്റെ ആവശ്യം: മാർ വിൻസന്റ് സാമുവൽ

KCYM യുവനേതാക്കളെ രൂപീകരിക്കുന്ന കർമ്മഭൂമിയാവണമെന്നും സാമൂഹികവും രാഷ്ട്രീയവുമായ ധാർമ്മികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന യുവനേതാക്കളെ സമൂഹത്തിന് സംഭാവന ചെയ്യാൻ പ്രസ്ഥാനത്തിന് കഴിയണമെന്നും കെസിബിസി യൂത്ത് കമ്മീഷൻ വൈസ് ചെയർമാനും നെയ്യാറ്റിൻകര രൂപതാധ്യക്ഷനുമായ മാർ വിൻസന്റ് സാമുവൽ പിതാവ് ഉദ്ബോധിപ്പിച്ചു. കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകേന്ദ്രമായ പിഒസിയിൽ കെസിവൈഎം പ്രസ്ഥാനത്തിന്റെ പുതിയ സംസ്ഥാന ഓഫീസ് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കാലഘട്ടത്തിന്റെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കി വ്യക്തമായി പ്രത്യുത്തരിക്കുന്നവർക്ക് മാത്രമേ സമൂഹത്തെ സമാധാനത്തിലേയ്ക്കും നന്മയിലേയ്ക്കും നയിക്കുവാൻ സാധിക്കുകയുള്ളൂ. കൊലപാതക രാഷ്ട്രീയത്തിനും അതിക്രമങ്ങൾക്കും അറുതുവരുത്തുവാൻ ചിന്താശക്തിയുള്ള യുവജനങ്ങൾക്ക് സാധിക്കണമെന്നും അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു.

കെസിവൈഎം സംസ്ഥാന പ്രസിഡന്റ് സിജോ ഇലന്തൂരിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ ജനറൽ സെക്രട്ടറി വിൻസന്റ് മണ്ണിത്തോട്ടം സ്വാഗതം ആശംസിച്ചു. കെസിബിസി യൂത്ത് കമ്മീഷൻ സെക്രട്ടറിയും കെസിവൈഎം സംസ്ഥാന ഡയറക്ടറുമായ ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി. ആമുഖ പ്രാഷണവും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് മുഖ്യപ്രഭാഷണവും നിർവഹിച്ചു. വിവിധ സംഘടനകളുടെ ഡയറക്ടേഴ്സ് ആശംസകൾ നേർന്ന പ്രസ്തുത യോഗത്തിന്, സംസ്ഥാന വൈസ് പ്രസിഡന്റ് ഇമ്മാനുവൽ മൈക്കിൾ നന്ദി രേഖപ്പെടുത്തി.

കേരള സഭയിലെ മൂന്ന് റീത്തുകളെ പ്രതിനിധീകരിച്ച് 31 രൂപതകളിൽ നിന്നുള്ള യുവജന പ്രതിനിധികളും കെസിവൈഎം രൂപത ഡയറക്ടേഴ്സും ആനിമേറ്റേഴ്സും ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. അതോടനുബന്ധിച്ച്, കഴിഞ്ഞ കാലങ്ങളിൽ പ്രസ്ഥാനത്തെ ശക്തമായി നയിച്ച മുൻകാല നേതാക്കന്മാരുടെ പ്രതിനിധീകളുടെ പ്രത്യേക യോഗം ചേരുകയും ആധുനിക സമൂഹം നേരിടുന്ന വെല്ലുവിളികളെ മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ അവലോകനം ചെയ്യുകയുമുണ്ടായി.

തുടർന്ന് സംസ്ഥാന സമിതിക്ക് മാർഗനിർദേശം നൽകുന്ന 31 രൂപതകളുടെയും പ്രതിനിധികൾ അടങ്ങുന്ന സിൻഡിക്കേറ്റ് യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഇനിയും വ്യക്തത ലഭിക്കാത്ത സർക്കാരിന്റെ മദ്യനയവും, സാംസ്കാരിക കേരളത്തിന്റെ ശാപം പോലെ ഇപ്പോഴും നിലനിൽക്കുന്ന രാഷ്ട്രീയ കൊലപാതക സംസ്കാരവും സർക്കാരുകൾ മാറിമാറി വരുമ്പോഴും സാധാരണക്കാരായ തീരദേശ-മലയോര മേഖലകളിലെ ജനങ്ങളുടെ ആവശ്യങ്ങളെ ബോധപൂർവ്വം അവഗണിക്കുന്ന മനോഭാവവും ചർച്ചകൾക്കും അവലോകനത്തിനും വിഷയമായി.